<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3919**</u> <u>**17-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള കെട്ടിട സൗകര്യങ്ങൾ ഒരുക്കിയിട്ടും കിടത്തി ചികിത്സ ആരംഭിക്കാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആർദ്രം മാനദണ്ഡ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രി കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ കിടത്തി ചികിത്സാ സൗകര്യം നിലവിൽ ലഭ്യമല്ല. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |
| (സി) | ഈ പ്രദേശത്ത് കിടത്തി ചികിത്സയുള്ള ആശുപത്രികൾ ഇല്ലാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രിയിൽ നിന്നും 9 കി.മീ. അകലെയുള്ള തിരൂരങ്ങാടി താലൂക്ക് ആശുപത്രി, 20 കി മി അകലെയുള്ള തിരൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ കിടത്തി ചികിത്സ ലഭ്യമാണ്. കൂടാതെ സമീപ പ്രദേശത്തുള്ള നെടുവ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒബ്സർവേഷൻ സൗകര്യം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ